(2) എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

ശ്രീമതി കെ.കെ. ലതിക: സർ, കാർഷിക ജോലിയിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ ഗുരുദാസൻ): സർ, ശാസ്ത്രമേളകൾ, യുവജനോൽസവം, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എൻ.സി.സി. റെഡ്ക്രോസ്, എൻ.എസ്.എസ്. എന്നിവയുമായി ബന്ധപ്പെട്ടാണ് നിലവിൽ ഗ്രേസ്മാർക്ക് നൽകുന്നത്. കാർഷിക ജോലിയിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് എൻ.എസ്.എസ്. പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രേസ് മാർക്ക് ലഭിക്കാനുള്ള സാധ്യത ഇപ്പോൾത്തന്നെയുണ്ട്. എൻ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ മികച്ച രീതിയിൽ ഈ മേഖലയിൽ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാർഷികവൃത്തിയിൽ ഇടപെടുക എന്നത് ഒരു ജീവിതശീലവും സംസ്കാരവും ആക്കി മാറ്റിയെടുക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന വിധത്തിലാണ് പാഠ്യപദ്ധതി പരിഷ്ക്കരിച്ചിട്ടുള്ളത്. കൃഷിയുമായി ബന്ധപ്പെട്ട് പ്രത്യേക ക്യാമ്പയിനുകളോ പ്രവർത്തനപദ്ധതികളോ ആവിഷ്കരിക്കുന്ന ഘട്ടത്തിൽ ഗ്രേസ്മാർക്ക് നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(3) കുടിവെള്ളക്ഷാമം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച മുളക്കുളം-വെള്ളൂർ-വെളിയന്നൂർ കുടിവെള്ള പദ്ധതി ഇപ്പോൾ അന്തിമഘട്ടത്തിലാണ്. ഇത് എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യുന്നതിന് അനുകൂലമായ സാഹചര്യത്തിൽ നിൽക്കുമ്പോൾ കുറേ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ തടസ്സപ്പെട്ടു നിൽക്കുകയാണ്. അതുംകൂടി പൂർത്തീകരിക്കാൻ കഴിയുന്ന സാഹചര്യം അടിയന്തിരമായി ഉണ്ടാക്കുന്നതിനോടൊപ്പം കടുത്തുരുത്തി മണ്ഡലത്തിനും ഏറ്റുമാനൂരിനും വേണ്ടി ആവിഷ്കരിച്ച, കാണക്കാരും മാഞ്ഞൂരും, രണ്ട് പഞ്ചായത്തുകളെ ഉൾപ്പെടുത്തിയുള്ള പട്ടർ മഠം പദ്ധതിയുടെ കാര്യത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ഒരു അനിശ്ചിതാവസ്ഥ കാരണം, വിവിധ പദ്ധതികൾ ടെണ്ടർ ചെയ്ത് ഏറ്റെടുക്കുന്നതിനും നടപ്പാക്കുന്നതിനും കഴിയാത്ത സാഹചര്യമാണുള്ളത്. ടാങ്ക് ടെണ്ടർ ചെയ്തപ്പോൾ മുളക്കുളം-വെള്ളൂർ-വെളിയന്നൂർ ടെണ്ടർ ചെയ്തതിനുശേഷം കൂടുതൽ തുക കൊടുക്കാൻ കഴിയില്ലെന്ന ഒരു പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വർക്കും ഈ മംഗത്ത് ചെയ്യാൻ സാധിക്കാത്ത അവസ്ഥയുണ്ടായിരിക്കുകയാണ്. ഈ സീസണിൽ വർക്ക് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഇനിയിപ്പോൾ കടുത്ത വരൾച്ച കാരണം കുടിവെള്ളക്ഷാമം നേരിടേണ്ടി വരും. മറ്റൊന്ന്, അക്കാലത്തേക്ക് പോയാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വരും. സ്റ്റേറ്റ് ഒട്ടാകെ ബാധിച്ചിരിക്കുന്ന പൊതു പ്രശ്നമായി

LIBRARY ARCHIVES Kerala Legislative Assembly

മാറിയിരിക്കുകയാണ്. അതുകൊണ്ട് ധനാനുമതി കൊടുക്കുന്ന കാര്യത്തിലുള്ള ലിമിറ്റ് മാറ്റിയില്ലെങ്കിൽ, വാട്ടർ അതോറിറ്റിയും ഗവൺമെന്റും ഇപ്പോളെടുത്തിരിക്കുന്ന നിലപാട് എല്ലാ നിർമ്മാണ പ്രവർത്തനങ്ങളേയും ബാധിക്കുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് തന്നെ കടുത്തുരുത്തി വാട്ടർ ടാങ്കിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഇതിൽ സത്യസന്ധമായി ഒരു പരിശോധന നടത്തി സാങ്കേതികത്വത്തിന്റെ ഭാഗത്തുനിന്നുകൊണ്ട് വസ്തുതാപരമായ ഒരു പരിശോധന നടത്തി അനുമതി കൊടുക്കേണ്ടതായ പദ്ധതികൾക്ക് കൃാബിനെറ്റ് തലത്തിൽ മറ്റൊരു തീരുമാനം എടുത്തില്ലെങ്കിൽ ഇക്കാര്യങ്ങൾ പരിഹരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ കിടങ്ങൂർ കാവാലിപ്പുഴ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനുവേണ്ടിയുള്ള, ഇന്ന് പൈപ്പ് പൊട്ടിയുണ്ടാകുന്ന നിരന്തരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് വന്നിട്ടുണ്ട്. അതിന് അനുമതി കൊടുത്തുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനു വേണ്ടി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഏറ്റവും പ്രധാനപ്പെട്ട സ്കീമുകളിൽ ഒന്നാണ് വെളിയന്നൂരിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടി നടപ്പാക്കുന്ന ഒന്നും രണ്ടും മൂന്നും ഘട്ട കുടിവെള്ള പദ്ധതി. അതിന്റെ നിർമ്മാണ പ്രക്രിയകൾ ഏതാണ്ട് പൂർത്തീകരിച്ചു. മോട്ടോർ പമ്പുസെറ്റ് കൂടി ഘടിപ്പിച്ചു കഴിഞ്ഞാൽ ആ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുന്ന നിലയിലാണ്. അതിനുള്ള ഉത്തരവുകളെല്ലാം നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് ആ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി ആ മേഖലയിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയും. ബഹുമാനപ്പെട്ട മോൻസ് ജോസഫ് സൂചിപ്പിച്ച തലയാഴത്തിനും സമീപ പഞ്ചായത്തുകൾക്കുംവേണ്ടി നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി കടുത്തുരുത്തിയിൽ നിർമ്മിക്കുന്ന 5.3 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കുകളുടെ നിർമ്മാണ പ്രവർത്തനത്തിനെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട പ്രശ്നം ടെണ്ടർ എക്സസാണ്. 2010-ലെ ഒ.ആർ.-ന് മുകളിലുള്ള എക്സസ് ടെണ്ടറുകൾ അംഗീകരിക്കേണ്ട എന്ന ഒരു പൊതു നിലപാടാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചതാണ്. അത്തരത്തിൽ 2010 എസ്.ഒ.ആർ.-ന് മുകളിലുള്ള മുഴുവൻ എസ്റ്റിമേറ്റും അല്ലെങ്കിൽ എക്സസ് നിരക്കിൽ വരുന്ന എസ്റ്റിമേറ്റുകൾ ഫിനാൻസ് വകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ക്രൂട്ടിണി നടത്തി അപ്രൂവൽ ചെയ്യുന്നെങ്കിൽ മാത്രം അതിന് അംഗീകാരം നൽകാമെന്ന നിലപാടാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ടെണ്ടറും റിജക്ട് ചെയ്യാതെ ഗവൺമെന്റിലേക്ക് റഫർ ചെയ്തുകൊണ്ട് സി.ടി.ഇ.-യുടെ പരിശോധനയ്ക്കുകൂടി വിധേയമാക്കിയ ശേഷം അനുമതി നൽകാമെന്ന നയപരമായ നിലപാടാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കടുത്തുരുത്തി ടാങ്കിന്റെ നിർമ്മാണ പ്രക്രിയയും സി.ടി.ഇ.-യെ കൊണ്ട് പരിശോധിക്കുന്നതാണ്.

KERALA LEGISLATIVE ASSEMBLY